**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **12-07-2022 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണർ നിർമ്മാണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആവശ്യത്തിനായി ഭൂജല വകുപ്പ് മുഖാന്തരം കുഴൽ കിണർ നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെറിയ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ വകുപ്പിന്റെ റിഗ്ഗുകളുടെ എണ്ണത്തിനനുസരിച്ച് അധികം കാലതാമസം വരുത്താതെ കുഴൽക്കിണർ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പുതിയ 6റിഗ്ഗുകൾ കൂടി വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (സി) | കുഴൽ കിണർ നിർമ്മാണത്തിനായി അനുവദിക്കുന്ന സബ്സിഡി എത്രയാണെന്നും സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (സി) | ഡ്രില്ലിംഗ് ചാർജ്ജിന്റെ 50% സബ്സിഡി കൃഷി ആവശ്യത്തിനുവേണ്ടിയുള്ള കുഴൽക്കിണർ നിർമ്മാണത്തിനു നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട അപേക്ഷകർ ഇടത്തരം/നാമ മാത്ര കർഷകർ ആണെന്നു തെളിയിക്കുന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ